(ഡി) പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ടായ കാലതാമസം കൊണ്ടാണ് കമ്മീഷൻ ചെയ്യാതിരുന്നത്.

(ഇ) ഇപ്പോൾ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. ആയതിനാൽ 2005 ഏപ്രിൽ മാസം കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

പത്തനംതിട്ട ജില്ലയിൽ ഓവർസീയർ ഗ്രേഡ് III-യുടെ ഒഴിവുകൾ നികത്താൻ നടപടി

92 [3143] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ഓവർസീയർ ഗ്രേഡ് III-ന്റെ എത്ര തസ്തികകളാണ് നിലവിലുള്ളത്; ഇതിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക്ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; നിയമനം നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ III-ാം ഗ്രേഡ് ഓവർസീയർമാരുടെ തസ്തിക നിലവിലില്ല. എന്നാൽ സമാനമായ വർക്ക് സൂപ്രണ്ട് ഗ്രേഡ് III-ന്റെ രണ്ട് തസ്തികകളുണ്ട്. ഇവ ഒഴിഞ്ഞുകിടക്കുകയാണ്.

(ബി) പി. എസ്. സി. റാങ്ക്ലിസ്റ്റ് നിലവിലുണ്ട്. ആർക്കും നിയമനം നൽകിയിട്ടില്ല. ഗ്രേഡ് III വർക്ക് സൂപ്രണ്ട്/ഓവർസീയർ തസ്തികകൾ സമാനതസ്തികകളാണെന്ന് പി. എസ്. സി.-യുടെ സ്പഷ്ടീകരണം ലഭിച്ചത് 2-2-2005-ലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വർക്ക് സൂപ്രണ്ടിന്റെ നിലവിലുള്ള രണ്ട് ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വർക്ക് സൂപ്രണ്ടിന്റെ നിലവിലുള്ള രണ്ട് ഒഴിവിലേക്ക് നിയമനം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

93 [3144] ശ്രീ. കോടിയേരി ബാലകൃഷ്ണൻ

,, ടി. കെ. ബാലൻ :

,, കെ. വി. കുഞ്ഞിരാമൻ:

,, പി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും കുടുംബങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്തൊക്കെയാണെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ സുതാര്യത ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) ഓരോ ആനുകൂല്യത്തിനും ഇതിനകം തെരഞ്ഞെടുക്കപ്പെട്ട് കാത്തു നിൽക്കുന്നവരുടെ എണ്ണം ഇനംതിരിച്ച് വെളിപ്പെടുത്താമോ;

(ഇ) ഇവർക്ക് ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിന് പുറമേ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയംതൊഴിലിൽ ഏർപ്പെടുന്നതിന് സഹായം, വിവാഹ ധനസഹായം തുടങ്ങിയവയും കുടുംബങ്ങൾക്ക് വീട്, ഭൂമി, കുടിവെള്ള പദ്ധതികൾ, സാനിറ്റേഷൻ, കാർഷിക വികസനത്തിനുതകുന്ന പരിപാടികൾ തുടങ്ങിയവയ്ക്കുള്ള ആനുകൂല്യങ്ങളും നൽകുന്നു.

കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലുമായി 17 സ്കീമുകൾ 13-2-1997-ലെ സ.ഉ.(സാധാ.) നം.82/97/പജ.പവ.വിവ. അനുസരിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

(ബാലവാടികൾ, നഴ്സറിസ്കൂൾ, പ്രീപ്രൈമറി വിദ്യാഭ്യാസം, പ്രീമെട്രിക് ഹോസ്റ്റലുകൾ, മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി, വസ്ത്രവിതരണം, ഭൂരഹിത ഭവനരഹിതപുനരധിവാസ പദ്ധതി, സംയോജിത ഭവനനിർമ്മാണ ധനസഹായം, പട്ടികജാതിക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതി, പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പുരകെട്ടി മേയുന്നതിനുള്ള സഹായം, വീട് ഓടുമേയുന്നതിനുള്ള ധനസഹായം, കിണറുകളും ശുദ്ധജല വിതരണ പദ്ധതിയും യുക്തിസഹമായ ധനസഹായം, ഉദ്യോഗാർത്ഥികൾക്ക് കൂടിക്കാഴ്ചയ്ക്കും എഴുത്തുപരീക്ഷകൾക്കും പങ്കെടുക്കുന്നതിനുള്ള യാത്രാബത്ത, വിവാഹം, ചികിത്സ എന്നിവയ്ക്ക് ധനസഹായം)

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം തദ്ദേശ ഭരണസ്ഥാപനങ്ങളാണ് നിശ്ചയിക്കുന്നത്.

(സി) ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡവും മുൻഗണനാ മാനദണ്ഡവും നിശ്ചയിച്ച് അതിനുള്ള മാർക്കുകൾ അപേക്ഷാ ഫോറത്തോടൊപ്പം തന്നെ ഗുണഭോക്താക്കൾക്ക് നൽകുന്നു. തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിലും വാർഡുസഭകളിലും തദ്ദേശ ഭരണസ്ഥാപനങ്ങളിലും പരിശോധനയ്ക്കായി പ്രസിദ്ധീകരിക്കുന്നത് സുതാര്യത ഉറപ്പാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത വിവരങ്ങൾ സർക്കാർ തലത്തിൽ ശേഖരിച്ചിട്ടില്ല.

(ഇ) ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ യഥാസമയം തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

പ്രൊമോഷനിലെ അപാകത പരിഹരിക്കാൻ നടപടി

94 [3145] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സർവ്വീസ് സംഘടനകളുമായി 2004 ജൂലായ് അഞ്ചിന് നടത്തിയ ചർച്ചയിലെ തീരുമാനമനുസരിച്ചുള്ള നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ;

(ബി) വർഷങ്ങളായി തെറ്റായ പ്രൊമോഷൻ നടത്തിവരുന്നത് ഒഴിവാക്കുവാൻ ചർച്ചയിലെ തീരുമാനമനുസരിച്ച് എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഗവൺമെന്റ് ആശുപത്രികളിൽ വികസന സമിതി രൂപീകരിക്കൽ

95 [3146] ശ്രീ. എം. എം. ഹസ്സൻ:

,, ബി. വിജയകുമാർ:

,, എ. കെ. മണി:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തരത്തിലുള്ള ഗവൺമെന്റ് ആശുപത്രികൾക്കാണ് വികസന സമിതികൾ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ഗവൺമെന്റ് മെഡിക്കൾകോളേജ് ആശുപത്രികൾക്കും വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഇവയുടെ അക്കൗണ്ട് എവിടെയാണ് തുറന്നിട്ടുള്ളത്;

(ഡി) ഇവയുടെ പണം ഏതെല്ലാം ബാങ്കുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഈവനിംഗ് കൗണ്ടറും, സൺഡേ കൗണ്ടറും ഉള്ള ബാങ്കുകൾ ഈ മെഡിക്കൽ കോളേജുകളുടെ സമീപത്തുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly